30 (3483) പ്രീഡിഗ്രി അടിസ്ഥാനയോഗ്യതയുള്ള ഫീൽഡ് ഓഫീസർ

<u>ശ്രീ. ഇ.എം. അഗസ്തി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീ-ഡിഗ്രി അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള ഒരാളെ സി-ഡിറ്റിൽ സയന്റിസ്റ്റ് ട്രേഡിൽ ഫീൽഡ് ഓഫീസറായി നിയമിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അദ്ദേഹത്തിന്റെ ശമ്പള സ്കെയിൽ എത്രയാണ്;

(സി) പ്രസ്തുത നിയമനത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) സി-ഡിറ്റിൽ ഇയാളുടെ ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും എന്തെല്ലാമാണ്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2200-75-2800-ഇ.ബി-100-4000 രൂപ.

(സി) ഫീൽഡ് ഓഫീസർ തസ്തികയുടെ അടിസ്ഥാനയോഗ്യത പ്രീ-ഡിഗ്രിയായിരുന്നില്ല. 12.6.98-ന് കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റിയും 9.7.98-ന് കൂടിയ സി-ഡിറ്റ് ഗവേണിംഗ് ബോഡിയും താഴെപ്പറയുന്ന യോഗ്യതകളുള്ള ഫീൽഡ് ഓഫീസർ എന്ന തസ്തിക താത്ക്കാലിക കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനത്തിനായി സൃഷ്ടിച്ചിരുന്നു,

തസ്തികയുടെ പേര് - ഫീൽഡ് ഓഫീസർ.

ശമ്പള നിരക്ക് - 2200-75-2800-ഇബി-100-4000

അടിസ്ഥാന യോഗ്യതകൾ :

(1) സംസ്ഥാന തലത്തിൽ ജനപങ്കാളിത്തത്തോടെ പ്രാദേശിക വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിൽ 10 വർഷത്തിൽ കുറയാത്ത പരിചയം. സംസ്ഥാന സർക്കാർ - കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും സന്നദ്ധ ഏജൻസികളിൽ സ്ഥായിയായ സാങ്കേതികവിദ്യ ഉപയോഗിക്കുന്ന പ്രവർത്തനത്തിലായിരിക്കണം പരിചയം.

(2) പ്രശസ്തമായ ഒരു ഗവേഷണ സ്ഥാപനത്തിൽ സംയോജിത വിഭവ മാനേജ്മെന്റ് അഥവാ, ശുചിത്വ പരിപാടി അഥവാ സ്കൂൾ കോംപ്ലക്സ് പരിപാടിയിൽ പങ്കാളിത്ത വികസന പരിപാടികൾ നടപ്പാക്കുന്നതിൽ 2 വർഷത്തെ താഴെത്തട്ടിലുള്ള (ഫീൽഡ് ലെവൽ) പ്രവർത്തന പരിചയം.

(3) സർക്കാർ അംഗീകൃത സന്നദ്ധ ഏജൻസികൾ മുഖേന പങ്കാളിത്ത വികസനമേഖലയിൽ സംസ്ഥാനതല ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നതിലുള്ള തെളിയിക്കപ്പെട്ട സംഘാടനശേഷി ഉണ്ടായിരിക്കണം.

(4) ഈ മേഖലകളിൽ സംസ്ഥാന/ദേശീയ തലങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതിലൂടെ തെളിയിക്കപ്പെട്ടിട്ടുള്ള കമ്മ്യൂണിക്കേഷൻ ശേഷി ഉണ്ടായിരിക്കണം.

അഭിലഷണീയ യോഗ്യതകൾ

(1) ഏതെങ്കിലും വിഷയത്തിൽ ബിരുദം

LIBRARY ARCHIVES Kerala Legislative Assembly

(2) പ്രോജക്ട് മാനേജ്മെന്റ് രീതികളിൽ പരിചയം

(3) ഇതനുസരിച്ച് പ്രമുഖ പത്രങ്ങളിൽ തസ്തികയുടെ വിവരങ്ങൾ പ്രസിദ്ധം ചെയ്യുകയും ലഭിച്ച അപേക്ഷകൾ പരിശോധിച്ച് നിർദ്ദിഷ്ട അടിസ്ഥാന യോഗ്യതകൾ ഉള്ള അപേക്ഷകരിൽനിന്നും ഇന്റർവ്യൂ നടത്തിയാണ് നിയമനം നടത്തിയിട്ടുള്ളത്.

ശ്രീ. ടി.പി. സുധാകരൻ (മണി ഭവൻ, മുഴക്കുന്നു ബസാർ പോസ്റ്റ്, കണ്ണൂർ) എന്നയാളാണ് ഈ തസ്തികയിൽ നിയമിക്കപ്പെട്ടിട്ടുള്ളത്. ഇദ്ദേഹത്തിന് മേൽപ്പറഞ്ഞ അടിസ്ഥാന യോഗ്യതകളെല്ലാം ഉണ്ട്. കൂടാതെ പ്രീ-ഡിഗ്രി പരീക്ഷ പാസ്സായി ബി.എസ്.സി. (കെമിസ്ട്രി) കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ട്. പ്രോജക്ട് മാനേജ്മെന്റിലും പരിചയമുണ്ട്.

(ഡി) 1. സി-ഡിറ്റ് ഏറ്റെടുത്തിട്ടുള്ള വികേന്ദ്രീകൃതാസൂത്രണത്തിനു വേണ്ടി വിവര വ്യവസ്ഥ തയ്യാറാക്കുന്ന സ്ലൈഡ് (slide) പ്രോജക്ടിന്റെ ഭാഗമായി പഞ്ചായത്ത് തലത്തിൽ വിവര പരിശീലന പരിപാടികൾ സംഘടിപ്പിക്കുക. 1998-99-ൽ കുമരകം പഞ്ചായത്തിലാണ് ഈ പ്രവർത്തനം നടത്തിയത്.

(2) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട സ്കീമുകളെ അടിസ്ഥാനമാക്കി പ്രാദേശികതലത്തിൽ ഗവേഷണ പരിപാടികളുടെ ഏകോപനം.

31 (3484) സി-ഡിറ്റിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ

<u>ശ്രീ. ജോർജ് ജെ. മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട്;

(ബി) ഇവരിൽ കെൽട്രോണിൽനിന്നുള്ള ആരെങ്കിലും ഉൾപ്പെടുന്നുണ്ടോ;

(സി) എങ്കിൽ ഇദ്ദേഹത്തിന്റെ ഡെപ്യൂട്ടേഷൻ കാലാവധി എതുവരെയാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 5 പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഇദ്ദേഹത്തിന്റെ ഡെപ്യൂട്ടേഷൻ 30.4.97-ൽ തുടങ്ങി. 30.4.1998-ൽ ഒരു വർഷത്തേയ്ക്ക് കാലാവധി നീട്ടി 30.4.99 മുതൽ ഡെപ്യൂട്ടേഷൻ നീട്ടുന്നതിനുവേണ്ടിയുള്ള അപേക്ഷ സി-ഡിറ്റ് പരിഗണിച്ചുവരുന്നു.

32 (3485) സി-ഡിറ്റിലെ രജിസ്ട്രാർ

<u>ശ്രീ. വി.ജെ. പൗലോസ്</u> :

<u>ശ്രീ. ജോർജ് ജെ. മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly